**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4181** **18-07-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഇടപാടുകൾ ഡിജിറ്റലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറിയിലെ പണമിടപാടുകൾ പൂർണമായി ഡിജിറ്റൽ രീതിയിൽ ആക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിലൂടെ (IFMS) ട്രഷറിയിലെ പണമിടപാടുകളും മറ്റ് ഇടപാടുകളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പുതിയ സെൻട്രൽ സെർവർ സ്ഥാപിച്ചു. സെർവറിന്റെ സ്റ്റോറേജ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി State Data Centre-ൽ SAN Storage വാങ്ങി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പെൻഷൻകാർക്കുള്ള മൊബൈൽ ആപ്ലിക്കേഷൻ (Kerala Pension), കേരള പെൻഷൻ പോർട്ടൽ, ട്രഷറി സേവിംഗ്സ് ബാങ്കിന് കോർ ബാങ്കിംഗ് സംവിധാനം, വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിംഗ് സാധ്യമാക്കുന്ന ടി.എസ്.ബി ഓൺലൈൻ പോർട്ടൽ, സർക്കാർ ജീവനക്കാർക്കുള്ള ഇ-ടി.എസ്.ബി സംവിധാനം, ബില്ലുകളുടെ ഓൺലൈൻ സമർപ്പണം, GeM, e-Kuber എന്നിവയുമായുള്ള സംയോജനം, ഇ-TR5 സംവിധാനം, ഇ-ട്രഷറി, ഇ-സ്റ്റാമ്പിംഗ്, isoft തുടങ്ങി നിരവധി ഓൺലൈൻ സംവിധാനങ്ങൾ ട്രഷറി ഇടപാടുകൾക്കായി നിലവിൽ ലഭ്യമാണ്. |
| (ബി) | ശാരീരിക അവശതയുള്ളവർക്ക് ട്രഷറികളിൽ നേരിട്ട് വരാതെ ഓൺലൈൻ ആയി പണമിടപാടുകൾ നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ? | (ബി) | ശാരീരിക അവശതയുള്ളവർക്ക് ട്രഷറികളിൽ നേരിട്ട് വരാതെ ഓൺലൈനായി വ്യക്തിഗത ട്രഷറി അക്കൗണ്ടുകളിൽ നിന്നും പണമിടപാടുകൾ നടത്തുന്നതിന് tsbonline.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആപ്ലിക്കേഷൻ മുഖേന വ്യക്തിഗത ട്രഷറി അക്കൗണ്ടുകളിൽ നിന്നും പണം ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനും അവിടെ നിന്നും ATM മുഖേന പണം പിൻവലിക്കാനും കഴിയും. etreasury.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന ബാങ്ക് അക്കൗണ്ടിൽ നിന്നും വ്യക്തിഗത |

| | | | |
|---|---|---|---|
| | | | ട്രഷറി അക്കൗണ്ടിലേക്കും ഓൺലൈൻ ആയി തുക ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ